"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉദ്യോഗസ്ഥ-ഭരണപരിഷ്കാര വകുപ്പ് - ജീവനക്കാര്യം - ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്കുള്ള സ്പെഷ്യൽ കാഷ്വൽ ലീവ് പരിധി 90 ദിവസമായി ഉയർത്തിയും, പ്രസ്തുത ആനുകൂല്യം ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കൂടി അനുവദിച്ചു കൊണ്ടും ഉത്തരവാകുന്നു.

---

**ഉദ്യോഗസ്ഥ-ഭരണപരിഷ്കാര(റൂൾസ്-എ) വകുപ്പ്**

സ.ഉ.(അച്ചടി) നം.2/2026/P&ARD തീയതി,തിരുവനന്തപുരം, 28-02-2026

---

പരാമർശം:-

1. 24/07/2014-തീയതിയിലെ ജി.ഒ.(പി) നം. 23/2014/പി&എആർഡി നമ്പർ ഉത്തരവ്.
2. 03/04/2025-തീയതിയിലെ സ. ഉ. (അച്ചടി) നം. 41/2025/FIN നമ്പർ ഉത്തരവ്.

**<u>ഉത്തരവ്</u>**

ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിൻജെന്റ് സർവീസിലെ ജീവനക്കാർക്ക് ഒരു കലണ്ടർ വർഷത്തിൽ പരമാവധി 45 ദിവസങ്ങളിൽ കവിയാത്ത പ്രത്യേക ആകസ്മിക അവധി അനുവദിച്ചുകൊണ്ട് പരാമർശം (1) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

2) ഹൃദയ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന സർക്കാർ ജീവനക്കാർക്ക് കേരള സർവ്വീസ് ചട്ടങ്ങൾ, ഭാഗം ഒന്ന്, അനുബന്ധം VII, സെക്ഷൻ II, ചട്ടം 19 പ്രകാരം അനുവദനീയമായ പ്രത്യേക ആകസ്മികാവധിയുടെ പരിധി ടി ചട്ടത്തിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ഒരു കലണ്ടർ വർഷത്തിൽ പരമാവധി 90 ദിവസങ്ങളായി ഉയർത്തിയും, ടി ആനുകൂല്യം ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന ജീവനക്കാർക്ക് കൂടി അനുവദിച്ചു കൊണ്ടും പരാമർശം (2) ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. ടി ആനുകൂല്യം പാർട്ട് ടൈം കണ്ടിൻജെന്റ് സർവീസിലെ ജീവനക്കാർക്ക് കൂടി അനുവദിക്കണമെന്നാവശ്യപ്പെട്ട് സർക്കാരിൽ നിവേദനം ലഭിച്ചിരുന്നു.

3) പ്രസ്തുത ആവശ്യം സർക്കാർ വിശദമായി പരിശോധിച്ചു. പരാമർശം(1) ഉത്തരവ് പ്രകാരം പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് ഹൃദയ ശസ്ത്രക്രിയയ്ക്ക് അനുവദനീയമായ പ്രത്യേക ആകസ്മികാവധിയുടെ പരിധി 45 ദിവസത്തിൽ നിന്നും 90 ദിവസങ്ങളായി ഉയർത്തിയും, ടി ഉത്തരവിലെ മറ്റ് വ്യവസ്ഥകൾക്ക് വിധേയമായി ടി ആനുകൂല്യം ഹൃദയ വാൽവ് മാറ്റിവയ്ക്കൽ ശസ്ത്രക്രിയയ്ക്ക് വിധേയരാകുന്ന പാർട്ട് ടൈം കണ്ടിജന്റ് ജീവനക്കാർക്ക് കൂടി അനുവദിച്ചുകൊണ്ടും ഉത്തരവാകുന്നു.

4) കേരള പാർട്ട് ടൈം കണ്ടിജന്റ് സർവീസ് വിശേഷാൽ ചട്ടങ്ങളിൽ ഇതിനനുസൃതമായി ആവശ്യമായ ഭേദഗതി പിന്നീട് വരുത്തുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. രാജൻ നാംദേവ് ഖൊബ്രഗഡെ ഐ എ എസ്
അഡീഷണൽ ചീഫ് സെക്രട്ടറി

എല്ലാ വകുപ്പുമേധാവികൾക്കും/നിയമനാധികാരികൾക്കും/ഓഫീസുകൾക്കും/
എല്ലാ ജില്ലാ കളക്ടർമാർക്കും.
നിയമം, ധനകാര്യം ഉൾപ്പെടെ സെക്രട്ടേറിയറ്റിലെ എല്ലാ വകുപ്പുകൾക്കും/
സെക്ഷനുകൾക്കും.
എല്ലാ അഡീഷണൽ ചീഫ് സെക്രട്ടറിമാർക്കും/പ്രിൻസിപ്പൽ സെക്രട്ടറിമാർക്കും/
സെക്രട്ടറിമാർക്കും/സ്പെഷ്യൽ സെക്രട്ടറിമാർക്കും/അഡീഷണൽ സെക്രട്ടറിമാർക്കും/
ജോയിന്റ് സെക്രട്ടറിമാർക്കും/ഡെപ്യൂട്ടി സെക്രട്ടറിമാർക്കും/അണ്ടർ സെക്രട്ടറിമാർക്കും.
ഗവർണറുടെ സെക്രട്ടറിക്ക് (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ (ആമുഖ കത്ത് സഹിതം).
സെക്രട്ടറി, കേരള നിയമസഭ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള ഹൈക്കോടതി, എറണാകുളം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അഡ്വക്കേറ്റ് ജനറൽ, എറണാകുളം/തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
സ്റ്റേറ്റ് ചീഫ് ഇൻഫർമേഷൻ കമ്മീഷണർ (ആമുഖ കത്ത് സഹിതം).
പ്രിൻസിപ്പൽ അക്കൗണ്ട് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള/കൊച്ചിൻ/കാലിക്കറ്റ്/മഹാത്മാ ഗാന്ധി/കണ്ണൂർ സർവകലാശാല (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, കേരള കാർഷിക സർവകലാശാല, മണ്ണുത്തി, തൃശൂർ (ആമുഖ കത്ത് സഹിതം).
രജിസ്ട്രാർ, ശ്രീശങ്കരാചാര്യസംസ്കൃതസർവകലാശാല, കാലടി, എറണാകുളം(ആമുഖ കത്ത് സഹിതം).
ഡയറക്ടർ, ട്രഷറി വകുപ്പ്.
രജിസ്ട്രാർ, കേരള ലോകായുക്ത, തിരുവനന്തപുരം
ചീഫ് സെക്രട്ടറിയുടെ സ്പെഷ്യൽ ഡ്യൂട്ടി ഓഫീസർക്ക്.
ധനകാര്യ വകുപ്പ് [EXP-B4/53/2025-FIN നമ്പർ ഫയൽ പ്രകാരം].
പി&എആർ(റൂൾസ്-ബി,സി/ഉപദേശ-എ,ബി) വകുപ്പ്
ഡയറക്ടർ, ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പ്.
വിവര പൊതുജനസമ്പർക്ക (Web & New Media) വകുപ്പ് [പ്രചാരണത്തിന്].
കരുതൽ ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം
Signed by
Dileep D
Date: 28-02-2026 14:24:36
സെക്ഷൻ ഓഫീസർ